ഇടിമിന്നല്മൂലമുണ്ടാകുന്ന ദുരന്തങ്ങള് ഒഴിവാക്കുന്നതു സംബന്ധിച്ച് ഒരു ബോധവല്ക്കരണക്ലാസ് നാളെ 28/1/2016 ന് ഇടപ്പള്ളി അദ്ധ്യാപക പരിശീലന കേന്ദ്രത്തില് വച്ച് നടക്കുന്നു. ഓരോ സ്കൂളില് നിന്നും ഒരു അദ്ധ്യാപകനേയും രണ്ടു രക്ഷാകതൃപ്രതിനിധികളേയും പ്രതീക്ഷിക്കുന്നു. ഇവിടെ ലഭിക്കുന്ന പരിശീലനത്തിനു ശേഷം സ്കൂളില് കുട്ടികള്ക്ക് ബോധവല്ക്കരണ ക്ലാസ് നല്കുന്ന അദ്ധ്യാപകന് ഹോണറേറിയം നല്കുന്നതാണ്. പരിശീലനത്തില് പങ്കെടുക്കുന്നവര്ക്ക് ഉച്ചഭക്ഷണം ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് ഇതോടൊപ്പം അയക്കുന്നു. ഇതു സംബന്ധിച്ച നിര്ദ്ദേശങ്ങള് സ്കൂളുകള്ക്ക് നല്കണമെന്ന് അപേക്ഷിക്കുന്നു

"ഭരണഭാഷ - മാതൃഭാഷ"

എം(4)/99010/2015/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 14/01/2016

പ്രേഷകൻ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
തിരുവനന്തപുരം.

സ്വീകർത്താവ്

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ലൈറ്റ്നിങ്ങ് അവയർനെസ്സ് & റിസർച്ച് സെന്റർ
ടി.സി 15/603, യു.എസ്.ആർ.എ 153
ഉദാരശിരോമണി റോഡ്
വെള്ളയമ്പലം (പി.ഒ)
തിരുവനന്തപുരം-695010.

സർ,

വിഷയം :- സ്കൂൾ ടീച്ചർമാർക്ക് ലൈറ്റ്നിങ്ങ് അവയർനെസ്സ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.
സൂചന :- 17.12.2015 ന് ലഭിച്ച താങ്കളുടെ കത്ത്.

****

സൂചനയിലെ കത്ത് ദയവായി കാണുക. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോട്ടയം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം എന്നീ ഏഴ് ജില്ലകളിലെ 50 വീതം സ്കൂൾ ടീച്ചർമാർക്ക് അതാത് ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് നടത്തുന്ന ലൈറ്റ്നിങ്ങ് ഹസാർഡിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി സ്കൂൾ അദ്ധ്യയനത്തെ ബാധിക്കാത്ത വിധം നടത്തുവാൻ അനുമതി നൽകുന്നു.

വിശ്വസ്തതയോടെ,

അനില ജോർജ്
**പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

*എസ്.കെ/01.16*